# INTERNATIONAL INDIAN SCHOOL – DAMMAM

*Annual Examination 2008-09*

**MALAYALAM**

*Time: 3 Hrs*
*Total Marks: 100*

*CLASS VIII*

| Q# | | Marks |
|---|---|---|
| I | | |
| | അർത്ഥം എഴുതുക. | 5 |
| | 1. ഗത്യന്തരം 2. ലംഘിക്കുക 3. കാരുണ്യം | |
| | 4. നിർവൃതി 5. ഹംസം | |
| II | വിപരീത പദം എഴുതുക. | 3 |
| | 1. ക്ഷയം 2. വന്ദിക്കുക 3. ദരിദ്രം | |
| | 4. ഓർമ്മ 5. ദുർഗന്ധം 6. തൃപ്തി | |
| III | പര്യായ പദം എഴുതുക. | 6 |
| | 1. മേനി 2. സൂര്യൻ 3. അഭിനയം. | |
| | 4. സ്ത്രീ 5. അമൃതം 6. ദേഷ്യം. | |
| IV | നാനാർത്ഥം എഴുതുക. | 5 |
| | 1. അരി 2. യുഗം 3. അണി 4. പ്രകൃതി 5. യോഗം | |
| V | വിഗ്രഹിക്കുക. | 6 |
| | 1. ശൂന്യാകാശം 2. അഭിനയശേഷി 3. അവസരോചിതം | |
| | 4. ഭർത്തൃവിയോഗം 5. കടലാസുപൊതി 6. സസന്തോഷം | |
| VI | ചേർത്തെഴുതുക. | 3 |
| | 1. അവസര + ഉചിതം 2. പരീക്ഷണം + കൾ | |
| | 3. താക്കോൽ + കൂട്ടം 4. ചാമരം + ആയി | |
| | 5. ഇളക്കി + എടുത്ത് 6. നിമിഷങ്ങൾക്ക് + അകം | |
| VII | പിരിച്ചെഴുതി സന്ധി നിർണയിക്കുക. | 6 |
| | 1. അവകാശമില്ലെന്ന് 2. പട്ടിയെ 3. പീലിത്തിരുമുടി | |

| Q#. | | Marks |
|---|---|---|
| | 4. ഒരാവേശം 5. അന്തസ്സുള്ളത് 6. പരിഹാസച്ചിരി | |
| VIII | ആശയം വിശദമാക്കുക. (any one) | 5 |
| | 1. 'സ്വാതന്ത്ര്യം തന്നെ അമൃതം'. | |
| | 2. 'ചൊട്ടയിലെ ശീലം ചുടല വരെ'. | |
| IX | വിട്ടു പോയ അക്ഷരം പൂരിപ്പിക്കുക. | 3 |
| | 1. ശാസ്___ജ്ഞൻ 2. അ___ർഥന 3. വ___ന | |
| | 4. അന___രം 5. ഗത്യ___രം 6. പര___ര. | |
| X | തെറ്റ് തിരുത്തി എഴുതുക. | 2 |
| | 1. അച്ഛൻ മരിച്ചതു കൊണ്ടാണ് അവൻ പഠനം | |
| | നിർത്താൻ കാരണം. | |
| | 2. അയാൾക്ക് അക്കാര്യത്തിൽ യാതൊരു ഉത്തരവാദിത്വവും | |
| | ഇല്ലാത്തവനാണ്. | |
| XI | വാക്യത്തിൽ പ്രയോഗിക്കുക. | 3 |
| | 1. സ്വയം മറക്കുക 2. ശ്വാസം വിടുക 3. ആകാംക്ഷാപൂർവ്വം | |
| XII | പ്രയോഗം മാറ്റുക. | 2 |
| | 1. വയലാർ ഭൂമി സനാഥയാണ് എന്ന കവിത രചിച്ചു. | |
| | 2. കൗമുദി ഗാന്ധിജിയുടെ കൈയിൽ വള വച്ചു കൊടുത്തു. | |
| XIII | പദ്യഭാഗം പൂരിപ്പിക്കുക. | 6 |
| | അഷ്ടൈശ്വര്യ.............. ഒരിക്കലിവിടെക്കൂടി. | |
| XIV | അവധിക്കാലം ചെലവഴിക്കാൻ സുഹൃത്തിനെ | 5 |
| | ക്ഷണിച്ചുകൊണ്ട് ഒരു കത്ത് തയ്യാറാക്കുക. | |
| XV | ഒറ്റവാക്കിൽ ഉത്തരം എഴുതുക. | 5 |
| | 1. ജ്യേഷ്ഠൻ വലുതായാൽ എന്തു തുടങ്ങുമെന്നാണ് | |
| | പറഞ്ഞത്? | |

| Q#. | | Marks |
|---|---|---|
| | 2. ആഭരണങ്ങൾ നൽകിയ ശേഷം ഗാന്ധിജിയോട് കൗമുദി എന്താണ് ആവശ്യപ്പെട്ടത്? | |
| | 3. പ്രപഞ്ചഗോപുര വാതിൽ തുറന്ന് ആരാണ് വന്നത്? | |
| | 4. ആരാണ് കൂത്ത് അവതരിപ്പിക്കുന്നത്? | |
| | 5. ഫെരിനീസിന്റെ പുത്രന്റെ പേരെന്താണ്? | |
| XVI | ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം എഴുതുക. | 9 |
| | 1. സ്ത്രീകൾ ഒളിമ്പിക്സ് സ്റ്റേഡിയത്തിൽ എത്തിയാൽ എന്തു ശിക്ഷയാണ് നൽകിയിരുന്നത്? | |
| | 2. ഒരു നടൻ എന്ന നിലയിൽ പരമേശ്വര ചാക്യാരുടെ സ്ഥാനം എന്തായിരുന്നു? | |
| | 3. സൂര്യൻ കോപം കൊണ്ടു ജ്വലിച്ചതെപ്പോഴാണ്? | |
| | 4. എന്തു സമ്മാനമാണ് ഗാന്ധിജി കൗമുദിക്കു കൊടുത്തത്? | |
| | 5. ജാനു അസ്വസ്ഥപ്പെട്ടു പോകുന്നതെപ്പോഴാണ്? | |
| | 6. ദുർഗന്ധം വമിക്കുന്ന സെന്റുകുപ്പി വലിച്ചെറിഞ്ഞ് ജ്യേഷ്ഠൻ എന്താണ് പറഞ്ഞത്? | |
| XVII | മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക. | 10 |
| | 1. ഭാരതത്തിന്റെ അവസ്ഥയെക്കുറിച്ച് ഗാന്ധിജിയുടെ അഭിപ്രായമെന്തായിരുന്നു? | |
| | 2. പെൺകുട്ടികൾ ഗോട്ടികളിക്കരുതെന്ന് കേശവൻ നായർ പറയുന്നത് എന്തുകൊണ്ട്? | |
| | 3. മനുഷ്യൻ അന്ന് ഭൂമിയിൽ എന്തെല്ലാം നിർമിച്ചു? | |
| | 4. പിസിഡോർസ് ഓട്ടമത്സരത്തിൽ വിജയിച്ചപ്പോൾ ഫെരെനീസ് എന്തു ചെയ്തു? | |

5. പട്ടിയെ ഒരു നാട്ടുകാരൻ എറിഞ്ഞു എന്നറിഞ്ഞപ്പോൾ സായ്പും മദാമ്മയും പ്രതികരിച്ചതെങ്ങനെ?

XVIII ഉത്തരം എഴുതുക. (any two) 10

1. ജാനു വൃദ്ധനെ പരിചരിച്ചതെങ്ങനെ?

2. വടക്കേ മലബാറിലെ യാത്രക്കിടയിലുണ്ടായ ഏതു സംഭവം ആണ് ഗാന്ധിജിയുടെ മനസ്സിനെ ആകർഷിക്കുകയും ഇളക്കി മറിക്കുകയും ചെയ്തത്?

3. സായ്പിനെ വിശ്വസിപ്പിക്കുന്നതിന് ചാക്യാർ പ്രദർശിപ്പിച്ച അഭിനയമെന്ത്?

XIX താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

ഭാഷയെ രണ്ടായി വിഭജിക്കാം. ഉത്തേജകമെന്നും വസ്തുനിഷ്ഠമെന്നും. ഒന്നാമത്തേത് കവി, എഴുത്തുകാരൻ, വാഗ്മി എന്നിവരുടെ ഭാഷയാണ്. അത് വികാരത്തിന്റെ വർണ്ണം കലർന്നതും വിചാരപ്രധാനവുമാണ്. ആ ഭാഷയ്ക്ക് ഭാവനയെ ഉത്തേജിപ്പിക്കുവാനും ഓർമ്മയെ ഉണർത്തുവാനും, ദേശീയ ബോധത്തെ ഇക്കിളിപ്പെടുത്തുവാനും ശേഷിയുണ്ട്. ഷേക്സ്പിയറുടേയും, വാല്മീകിയുടേയും, ചർച്ചിലിന്റേയും, ടാഗോറിന്റേയും, ഗാന്ധിജിയുടേയും, മറ്റും ഭാഷ ആ വിഭാഗത്തിൽപ്പെടുന്നു. ശാസ്ത്രജ്ഞന്റേയും വ്യവസായിയുടേയും മറ്റും ഭാഷയാണ് വസ്തുനിഷ്ഠമായത്. അത് വ്യാപാരവ്യവസായ ശാസ്ത്രങ്ങളുടെ മാതൃഭാഷയാണ്. വ്യവസായ സ്ഥാപനങ്ങളുടെ

| Q#. | | Marks |
| --- | --- | --- |
| | വർഷാന്ത ഭരണ റിപ്പോർട്ട്, ധനകാര്യ മന്ത്രിയുടെ ബജറ്റ് പ്രസംഗം, ചന്ദ്രയാത്രയെക്കുറിച്ചുള്ള നാസാ അധ്യക്ഷന്റെ വിവരണം, ക്യാൻസർ വൈറസിനെ കുറിച്ചുള്ള ശാസ്ത്രജ്ഞന്റെ ഗവേഷണ പ്രബന്ധം തുടങ്ങിയവ അതിൽപ്പെടുന്നു. | |
| | 1. ഷേക്സ്പിയറിന്റെയും വാല്മീകിയുടെയും മറ്റും ഭാഷയ്ക്കുള്ള പ്രത്യേകതയെന്ത്? | 2 |
| | 2. ഭാഷയെ എങ്ങനെ വിഭജിക്കാം? | 1. |
| | 3. ശാസ്ത്രജ്ഞന്റെയും വ്യവസായിയുടെയും ഭാഷ ഏതു വിഭാഗത്തിൽപ്പെടുന്നു, അതിന്റെ പ്രത്യേകത എന്ത്? | 2. |
| | 4. കവിയുടെയും വാഗ്മിയുടെയും ഭാഷ എങ്ങനെയുള്ളതാണ്? | 1. |
| | *———* | |